(സി) ഉണ്ട്.

(ഡി) തീരപ്രദേശമായ പെരുമാതുറ വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ നിവൃത്തിയില്ല.

ചാങ്ങ സെന്റ് മേരീസ് എൽ. പി. സ്കൂളിലെ അദ്ധ്യാപക ഒഴിവുകൾ

71 (2946) ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് എ. ഇ. ഒ. യുടെ അധീനതയിലുള്ള ചാങ്ങ സെന്റ് മേരീസ് എൽ. പി. സ്കൂളിൽ 1999 ജൂൺ 26 മുതൽ നിലവിലുണ്ടായിരുന്ന സ്ഥിരം ഒഴിവുകളിലേയ്ക്ക് പ്രൊബേഷനറിയായി മൂന്ന് അദ്ധ്യാപകരെ നിയമിക്കാനിടയായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ അരൊക്കെയാണെന്നും കെ. ഇ. ആറിലെ വ്യവസ്ഥകൾക്കനുസൃതമായി അവരുടെ നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കിക്കൊണ്ട് നിയമനം ലഭിച്ച തീയതി മുതൽ ഇവർക്ക് നിയമന അംഗീകാരം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ നിയമനം നിർണ്ണയിച്ചതിൽ അപാകതയുണ്ടെങ്കിൽ അത് പരിഹരിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഇ) മാണിക്കപുരം സെന്റ് തെരേസസ് യു. പി. സ്കൂളിൽ ഒരേ തരം ട്രാൻസ്ഫർ വേക്കൻസിയിൽ 1999-ൽ നിയമനം നൽകിയ രണ്ട് അദ്ധ്യാപകർക്ക് വ്യത്യസ്ഥമായ വിധത്തിൽ നിയമന അംഗീകാരം നൽകാൻ ഇടയായിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തവുകളുടെ കോപ്പി ലഭ്യമാക്കിക്കൊണ്ട് ഇതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാനേജരുടെ നിയമന ഉത്തരവ് പ്രകാരം മൂന്ന് (3) അദ്ധ്യാപകരെ 21-6-1999 മുതൽ സെന്റ് മേരീസ് ചാങ്ങയിൽ നിയമിച്ചിട്ടുണ്ട്.

(ബി) കെ. ഇ. ആറിലെ വ്യവസ്ഥകൾക്കനുസരിച്ചുതന്നെയാണ് നിയമന ഉത്തരവ് മാനേജർ നല്കിയിട്ടുള്ളത്. പുതിയതായി നിയമിക്കപ്പെട്ടവരുടെ പേര് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. ശ്രീമതി റ്റി. കെ. ഫിലോമ്മ
2. ശ്രീമതി ബി. ആർ. ത്രേസ്യാമ്മ
3. ശ്രീമതി ബി. വനജ

(സി) നിയമന അംഗീകാര ഉത്തരവിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു. * 21-6-1999 മുതലാണ് മാനേജരുടെ നിയമന ഉത്തരവ്. 1998-99 അദ്ധ്യയന വർഷത്തിൽ മൂന്ന് അഡീഷണൽ പോസ്റ്റ്, സ്റ്റാഫ് ഫിക്സേഷൻ മുഖേന ഉണ്ടായിട്ടുണ്ട്. അതു താല്ക്കാലിക പോസ്റ്റുകളാണ്. സ്ഥിരം പോസ്റ്റായി മാറണമെങ്കിൽ സ്റ്റാഫ് ഫിക്സേഷൻ മുഖാന്തിരം ഉണ്ടായിട്ടുള്ള പ്രസ്തുത പോസ്റ്റുകൾക്ക് തുടർച്ചയായി നാലു വർഷം സ്കൂൾ അദ്ധ്യയന വർഷം അതായത് (1998-1999 മുതൽ) സ്റ്റാഫ് ഫിക്സേഷനിലൂടെ ലഭിച്ചിരിക്കണം. ആയതിനാൽ മേൽപ്പറഞ്ഞിട്ടുള്ള മൂന്നു പോസ്റ്റുകളും താല്കാലികമാണ്. 1999-2000-ലെ സ്റ്റാഫ് ഫിക്സേഷന്റെ ആരംഭം 15-7-1999-ൽ ആണ്. ആയതിനാൽ വ്യവസ്ഥയനുസരിച്ച് അന്നു മുതൽ അദ്ധ്യയന വർഷത്തിന്റെ അവസാന ദിവസംവരെ (സ്കൂൾ ക്ലോസിംഗ് ഡേറ്റ് 31-3-2000) വരെ നിയമനം അംഗീകരിച്ചിട്ടുണ്ട്.

(ഡി) പരാതിക്കാരുടെ അപ്പീലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) കോപ്പികൾ ഉള്ളടക്കം ചെയ്യുന്നു. * ഉത്തരവുകൾ വ്യത്യസ്ത മാകാനുള്ള കാരണം പരിശോധിച്ചു വരുന്നു.

കേരളത്തിലെ അംഗീകൃത ഹിന്ദി ട്രെയിനിംഗ് സ്കൂളുകൾ

72 (2947) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗവൺമെന്റ് അംഗീകൃത ഹിന്ദി ട്രെയിനിംഗ് സ്കൂളുകൾ ഏതെല്ലാമാണ് ;

(ബി) അവയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എത്ര ശതമാനമാണ് സംവരണം ചെയ്തിരിക്കുന്നത് ;

(സി) ഒരു വർഷം എത്ര കുട്ടികൾക്ക് ട്രെയിനിംഗ് നൽകും ;

(ഡി) ഈ വർഷം സംവരണ വിഭാഗത്തിൽ എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകി ;

(ഇ) സംവരണ വിഭാഗത്തിന് അഡ്മിഷന് മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly